**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** 15.06.2012 ൽ
**ചോദ്യം നമ്പർ.1233** **മറുപടിയ്ക്ക്**

# വയനാട് ജില്ലയിലെ പി.എം.ജി.എസ്.വൈ

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.സി. ജോസഫ് **(ഗ്രാമവികസനവും ആസൂത്രണവും** സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ. വയനാട് ജില്ലയിലെ പി.എം.ജി.എസ്. വൈ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ. | ഉണ്ട്. |
| **ബി.** പ്രസ്തുത പദ്ധതിയുടെ ആറാം ഘട്ടത്തിന്റെ പ്രവർത്തനങ്ങളുടെ അവലോകന യോഗം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | **ബി.** | വയനാട് ജില്ലയിലെ പി.എം.ജി.എസ്.വൈ പ്രവർത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 12.01.2012, 29.02.2012 എന്നീ തീയതികളിൽ ബഹു. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.<br>പ്രവർത്തികളുടെ പുരോഗതി യോഗം വിലയിരുത്തുകയും, ഏപ്രിൽ 10-ന് മുമ്പായി എല്ലാ റോഡുകളുടെയും ടാറിംഗ് പൂർത്തിയാക്കണമെന്ന് ബഹു.മന്ത്രി കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തു. എല്ലാ റോഡുകളുടെയും ടാറിംഗ് പ്രവർത്തികൾ ഏപ്രിൽ 10-ന് മുമ്പായി തന്നെ പൂർത്തീകരിക്കാമെന്ന് കരാറുകാരൻ യോഗത്തിൽ ഉറപ്പ് നൽകി. |
| **സി.** പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | **സി.** | മിനിട്ട്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ഡി. യോഗതീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | ഡി. | തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിരുന്നു. പക്ഷേ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കരാറുകാരന് ഏകദേശം 5 കോടി രൂപയോളം ബിൽ തുക നൽകാനുണ്ടെങ്കിലും കേന്ദ്ര ഗുണനിലവാര പരിശോധകരുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന ന്യൂനതകൾ പരിഹരിക്കാത്തതുകൊണ്ടാണ് ബിൽ പാസാക്കി നൽകാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ

ആരംഭസം നൈപ്രറിയിൽ ലഭ്യമാണ്